**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2324** **16-03-2022 - ൽ മറുപടിയ്ക്ക്**

**ഹൗസ് ബോട്ടുകളിലെ മാലിന്യ സംസ്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.പി. ചിത്തരഞ്ജൻ** | | **null (തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | ആലപ്പുഴയിലെ ഹൗസ് ബോട്ടുകളിലെ മാലിന്യം സംസ്കരിക്കുന്നതിന് നൂതനമായ സമ്പ്രദായങ്ങൾ നടപ്പിലാക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | ആലപ്പുഴയിലെ ഹൗസ് ബോട്ടുകളിലെ മാലിന്യം സംസ്കരിക്കുന്നതിന് നൂതനമായ സമ്പ്രദായങ്ങൾ നടപ്പിലാക്കിയിട്ടില്ല. എന്നാൽ ഹൗസ്ബോട്ടിലെ ശുചിമുറി മാലിന്യം സംസ്ക്കരിക്കുന്നതിനായി ആലപ്പുഴ DTPCയുടെ നിയന്ത്രണത്തിൽ കുട്ടനാട്ടിലെ H- ബ്ളോക്കിൽ സീവേജ് ട്രീറ്റ്മെന്റ് പ്ളാന്റ് (STP) സ്ഥാപിച്ചിട്ടുണ്ട്. നിലവിലെ ടി പ്ളാന്റിന്റെ നവീകരണ പ്രവർത്തനങ്ങൾ നടന്നു വരികയാണ്. മാർച്ച് മാസത്തിൽ ഇത് സമ്പൂർണ്ണമായി തുറന്ന് പ്രവർത്തിക്കാൻ സാധിക്കും. ടി പ്ളാന്റ് പൂർണ്ണമായി തുറന്നു പ്രവർത്തിക്കുന്നതുവരെ ബദൽ സംവിധാനം എന്ന നിലയ്ക്ക് സീവേജ് ബാർജ്ജ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഹൗസ്ബോട്ടുകളിൽ നിന്ന് ശുചിമുറി മാലിന്യം ബാർജ്ജിൽ ശേഖരിച്ച് കോട്ടയം DTPC യുടെ സീവേജ് ട്രീറ്റ്മെന്റ് പ്ളാന്റിൽ എത്തിച്ച് സംസ്ക്കരിക്കുകയാണ് നിലവിൽ ചെയ്യുന്നത്. |
| (ബി) | നിലവിൽ എല്ലാ ഹൗസ് ബോട്ടുകളും മാലിന്യ സംസ്കരണ കേന്ദ്രത്തിൽ തന്നെ മാലിന്യം സംസ്കരിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തിയിട്ടുണ്ടോ; | (ബി) | നിലവിൽ ആലപ്പുഴയിൽ ഡി.റ്റി.പി.സിയുടെ പ്ളാന്റ്/ ബാർജ്ജ് സംവിധാനം വർഷത്തിൽ 3 തവണയെങ്കിലും ഉപയോഗിക്കണമെന്നാണ് വ്യവസ്ഥ. ഇത്തരത്തിൽ പ്ളാന്റ്/ ബാർജ്ജ് സംവിധാനം ഉപയോഗിക്കുന്നവർക്കുമാത്രമേ മലിനീകരണ നിയന്ത്രണ ബോർഡിന്റെ സർട്ടിഫിക്കറ്റ് ലഭ്യമാകുകയുള്ളൂ. |
| (സി) | ഹൗസ് ബോട്ടുകളിൽ നിന്നും മറ്റുബോട്ടുകളിൽ നിന്നുമുള്ള മാലിന്യം ജലാശയങ്ങളിൽ വ്യാപിക്കാതിരിക്കാൻ ശക്തമായ നിരിക്ഷണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; | (സി) | ആലപ്പുഴ ജില്ലയിൽ ഹൗസ് ബോട്ടുകളിൽ നിന്നും മറ്റുബോട്ടുകളിൽ നിന്നുമുള്ള മാലിന്യം ജലാശയങ്ങളിൽ വ്യാപിക്കാതിരിക്കാൻ ശക്തമായ നിരീക്ഷണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. പുന്നമട ഹൗസ്ബോട്ട് ടെർമിനലിൽ ഹൗസ്ബോട്ടുകളിൽ നിന്നുള്ള ഭക്ഷണ മാലിന്യം ശേഖരിച്ച് സംസ്ക്കരിക്കുന്നതിനായി അംഗീകൃത സ്വകാര്യ ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ടൂറിസം |

| | | | |
|---|---|---|---|
| | | | പോലീസിനെ ഉപയോഗിച്ചുള്ള പരിശോധനകളും നടത്തിവരുന്നു. |
| (ഡി) | ജലാശയങ്ങളിൽ മാലിന്യം നിക്ഷേപിക്കുന്നതിനെതിരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ? | (ഡി) | ശുചിത്വ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് ജലാശയങ്ങളിൽ മാലിന്യ നിക്ഷേപം നടത്തുന്നതിനെതിരെ കുടുംബശ്രീ, സന്നദ്ധ സംഘടനകൾ എന്നിവ മുഖാന്തിരം ജനങ്ങൾക്കിടയിൽ ബോധവത്കരണം നടത്തുന്നുണ്ട്. ജലാശയങ്ങളിലും മറ്റ് പൊതു സ്ഥലങ്ങളിലും മാലിന്യം നിക്ഷേപിക്കുന്നത് കുറ്റകരമാണെന്ന് കാണിക്കുന്ന ബോർഡുകൾ സ്ഥാപിക്കുകയും, വാർഡ് വികസന സമിതി സന്നദ്ധ സംഘടനകൾ മുതലായവ മുഖേന കൃത്യമായി പരിശോധന നടത്തുകയും ചെയ്യുന്നുണ്ട്. ദ്രവമാലിന്യ പരിപാലനം നടപ്പാക്കി അതിൽ പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു. കൂടാതെ നിരീക്ഷണത്തിനായി സിസിടിവി ക്യാമറ സ്ഥാപിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ